(സി) 9-8-1995-ൽ

(ഡി) ഹെറിട്ടേജ് മ്യൂസിയത്തിന്റെ വികസനത്തിനായി രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി ഒഴിഞ്ഞു കിടക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ ഭാഗങ്ങളിൽ കൺസർവേഷൻ പണികൾ നടത്തിവരുന്നു. അത് പൂർത്തിയാക്കിയാലുടൻ തന്നെ ടി മ്യൂസിയത്തിന്റെ രണ്ടാംഘട്ട പണികൾ ആരംഭിക്കുന്നതാണ്.

തൃപ്പൂണിത്തുറ ഹിൽ പാലസ്സിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പ്ലാനട്ടോറിയം

111 (1674) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസ്സിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പ്ലാനട്ടോറിയം തുടങ്ങേണ്ടതില്ല എന്നു തീരുമാനിക്കാൻ കാരണമെന്താണ് ;

(ബി) ഇതു സംബന്ധമായി ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും കരാർ ഒപ്പു വച്ചിട്ടുണ്ടോ ;

(സി) കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കരാറിൽ ആരെല്ലാമാണ് ഒപ്പു വച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഹിൽ പാലസ് പ്രെമിസസ് ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഇവിടെ മറ്റെന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കില്ല, എന്നതുകൊണ്ടാണ് പ്ലാനട്ടോറിയം പദ്ധതി സർക്കാർ ഉപേക്ഷിച്ചത്.

(ബി) ഉണ്ട്.

(സി&ഡി) കരാറിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ പ്രവർത്തന പുരോഗതി

112 (1675) ശ്രീ. കെ. എം. മാണി :
ശ്രീ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇതു സംബന്ധിച്ച വിവരം അനുബന്ധമായി വച്ചിട്ടുണ്ട്. †

കേളപ്പജിയുടെ വീട്

113 (1676) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള ഗാന്ധി കേളപ്പജി ജനിച്ചു വളർന്ന വീട് പുരാവസ്തു വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിക്കാനും ഒരു ചരിത്രസ്മാരകമായി നില നിർത്താനും സർക്കാർ നടപടിയെടുക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സാംസ്ക്കാരിക മേഖലയിലെ നേട്ടം

114 (1677) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക മേഖലയിൽ കഴിഞ്ഞ് നാലു വർഷമായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കേരളത്തിലെ സർക്കാർ നിയന്ത്രണ സാംസ്ക്കാരിക സ്ഥാപനങ്ങൾ നേടിയ ദേശീയവും അന്തർദേശീയവുമായ അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ചലച്ചിത്രം, സംഗീതം, ചിത്രശില്പം സാഹിത്യകൃതികൾ ഇവയിലായി കേരളത്തിൽ നിന്നും ദേശീയവും, സാർവ്വദേശീയവുമായ അംഗീകാരം നേടിയ വ്യക്തികളും പ്രസ്ഥാനങ്ങളും ഏതൊക്കെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിന്റെ ചെലവ്

115 (1678) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം III

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

CLARIFICATION OF ARTICLE 7 :

(FACILITIES TO BE PROVIDED BY THE SOCIETY)

The following are to be provided by the SOCIETY, free of charges, to facilitate installation and commissioning of the GSS-URANUS/Astrovision instrument system :

(i) Scaffolding structure for erection of the tilted projection dome of perforated aluminium as per drawing and specification to be provided by Goto Optical (India) Private Limited, Calcutta, India.

(ii) Electrical welding equipments and a skilled welder.

(iii) Timber Planks of specified sizes for use as support platforms on the scaffolding structure.

(iv) Unskilled support labourers during erection of the tilted projection dome and installation of the GSS-URANUS/Astrovision instrument system. Number to be specified by GOTO.

(v) Local transportation for the Engineers and Technicians of Goto Japan and Goto India during their stay at Tripunithura, Cochin for installation and commissioning of the GSS-URANUS/ Astrovision instrument system.

(vi) Any other facility that may be requested by the technical personnel of GOTO during installation and commissioning of the GSS-URANUS/Astrovision instrument system.

അനുബന്ധം III

[7-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 112 (1875) മറുപടി കാണുക]

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തന പുരോഗതി :

1. 1999-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ 154 അനുസരിച്ച് കേരള സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.എം.എസ്. നമ്പർ 111/2000 ത.ഭ.വ. തീയതി 19-4-2000 അനുസരിച്ച് ആർട്ട് ഹെറിറ്റേജ് കമ്മീഷൻ ഫോർ കേരള രൂപീകരിച്ചു. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷനിൽ 7 ഔദ്യോഗിക അംഗങ്ങൾ ഉണ്ട്. കൂടാതെ ശ്രീ. ലോറി ബേക്കർ കമ്മീഷനിലെ അനൗദ്യോഗിക അംഗമാണ്.

2. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ ആദ്യ മീറ്റിംഗ് 27-6-2000-ന് കൂടി രണ്ടാമത്തെ മീറ്റിംഗ് 23-12-2000-ന് കൂടി.

LIBRARY ARCHIVES Kerala Legislative Assembly

3. 27-6-2000-ൽ കൂടിയ മീറ്റിംഗിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ 1984 അനുസരിച്ച് രൂപീകരിച്ച ആർട്ട് കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. അതിന് ശേഷം കമ്മീഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ഹെറിറ്റേജ് സ്ഥലങ്ങൾ, സ്മാരകങ്ങൾ, വാസ്തു ശില്പ ഭംഗിയുള്ള കെട്ടിടങ്ങൾ മുതലായവയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ കമ്മീഷൻ രൂപീകരിച്ചു.

4. കൂടാതെ കമ്മീഷൻ ഹെറിറ്റേജ് മേഖലയുടെ ഒരു പട്ടിക തയ്യാറാക്കുകയും ചെയ്തു. അതിൽ താഴെ പറയുന്ന സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഫോർട്ട് ഏരിയയും പരിസരവും തിരുവനന്തപുരം
2. കരമന ഗ്രാമം (അഗ്രഹാരങ്ങൾ) തിരുവനന്തപുരം
3. കനാൽ ഏരിയയും പരിസരവും ആലപ്പുഴ
4. താഴത്തങ്ങാടി ഏരിയയും പരിസരവും കോട്ടയം
5. പാലസ് ഏരിയയും പരിസരവും തൃപ്പൂണിത്തുറ
6. ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി കൊച്ചി
7. കല്പാത്തി ഗ്രാമവും പരിസരവും പാലക്കാട്

5. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മേല്പറഞ്ഞ സ്ഥലവും അവിടത്തെ കെട്ടിടങ്ങളുടെ വാസ്തു ശില്പ ശൈലിയും മറ്റും പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തി. ടി പഠനങ്ങൾ ആർക്കിയോളജി ഡയറക്ടർ, ഇൻടാക് മുതലായ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് ഏരിയയും പരിസരവും തിരുവനന്തപുരം, ആലപ്പുഴ കനാൽ ഏരിയ, താഴത്തങ്ങാടി ഏരിയയും പരിസരവും കോട്ടയം പാലസ് ഏരിയയും പരിസരവും തൃപ്പൂണിത്തുറ, ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി ഏരിയ കൊച്ചി, കൽപ്പാത്തി ഗ്രാമവും പരിസരവും പാലക്കാട് മുതലായ സ്ഥലങ്ങളിലെ വാസ്തു ശില്പ ശൈലിയും സ്ഥലത്തിന്റെ പ്രത്യേകതയും കുറിച്ച് പ്രാഥമിക പഠനങ്ങൾ നഗരാ-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുരാതനമായ കെട്ടിടങ്ങളുടെയും സ്ഥലത്തെയും കുറിച്ച് പഠിക്കുന്നതിന് വേണ്ടി താഴെപറയുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്.

1. ഡയറക്ടർ, ആർക്കിയോളജി ഡിപ്പാർട്ടുമെന്റ്
2. ഡിസ്ട്രിക്ട് ടൗൺ പ്ലാനർ
3. ശ്രീ. എൻ. രാമസ്വാമി, പ്രൊഫസർ ടി. കെ. എം. എൻജിനീയറിംഗ് കോളേജ്
4. ശ്രീ. കെ. ജെ. സോഹൻ കൺവീനർ ഇൻടാക് കൊച്ചിൻ ചാപ്റ്റർ.

ഈ കമ്മിറ്റിയിലെ അംഗങ്ങൾ സ്ഥലങ്ങളും വാസ്തുശില്പഭംഗിയുള്ള കെട്ടിടങ്ങളും സ്മാരകങ്ങളെക്കുറിച്ചും പഠിച്ച് കമ്മീഷന്റെ പൊതുവായ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നു. ടി കമ്മിറ്റി തങ്കശ്ശേരി, മട്ടാഞ്ചേരി മുതലായ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ആർട്ട് ആന്റ് ഹെരിറ്റേജ് കമ്മീഷന്റെ അനുവാദത്തിന് വന്നിരുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ, സീനിയർ ടൗൺ പ്ലാനർമാർക്ക് അയക്കുന്നതിന് തീരുമാനിച്ചു.

7. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ സ്ഥിരം ക്ഷണിതാക്കൾ ആയി താഴെപ്പറയുന്നവരുടെ പേരുകൾ നിർദ്ദേശിക്കുകയും ചെയ്തു.

1. ചീഫ് ആർക്കിടെക്ട് പി.ഡബ്ല്യു.ഡി.

2. ശ്രീ. എൻ. രാമസ്വാമി, പ്രൊഫസർ ടി. കെ. എം. കോളേജ്, കൊല്ലം.

3. ശ്രീ. സോഹൻ, കൺവീനർ ഇൻടാക്, കൊച്ചിൻ ചാപ്റ്റർ.

4. ശ്രീ. യൂജിൻ നസ്റത്തു പണ്ടാല, ആർക്കിടെക്ട്, കൊല്ലം.

പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ ആരായുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഹെറിറ്റേജ് ബിൽഡിംഗ്സിനെ പ്രോപ്പർട്ടി ടാക്സിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയും സർക്കാരിലേയ്ക്ക് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

8. ഹെറിറ്റേജ് ബിൽഡിംഗ്സിന്റെ പുനർ നിർമ്മാണം സംരക്ഷണം മുതലായവയ്ക്ക് ആവശ്യമായ തടി ഫോറസ്റ്റ് വകുപ്പിന് നൽകേണ്ട സെൻറ്റേജ് ചാർജിൽ നിന്നും ഒഴിവാക്കുന്നതിനും സർക്കാരിലേയ്ക്ക് കത്ത് അയയ്ക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് സർക്കാരിന് കത്ത് അയയ്ക്കുകയും ഈ ആവശ്യം അംഗീകരിക്കുവാൻ പ്രയാസമാണെന്ന് സർക്കാർ അറിയിക്കുകയും ചെയ്തു.

9. 1999-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ റൂൾ 154, 155-ലും ആവശ്യമായ ഭേദഗതി വരുത്തി കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് സർക്കാരിലേയ്ക്ക് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.

10. ഹെറിറ്റേജ് ബിൽഡിംഗ്, സ്മാരകങ്ങൾ മുതലായവയ്ക്ക് സംരക്ഷണത്തിന് വേണ്ടി പുതിയ റഗുലേഷൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

11. ഹെറിറ്റേജ് ബിൽഡിംഗ്സിന്റെയും സ്ഥലങ്ങളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു വെബ് സൈറ്റുണ്ടാക്കുന്നതിന് ആർക്കിയോളജി ഡയറക്ടറെ ചുമതലപ്പെടുത്തി. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ രണ്ടാമത്തെ മീറ്റിംഗ് 23-12-2000 കൂടി.

12. സ്ഥലങ്ങളെയും സ്മാരകങ്ങളെയും വാസ്തു ശില്പ പ്രാധാന്യമുള്ളവയെയും കുറിച്ച് ഒരു പട്ടിക തയ്യാറാക്കുന്നതിന് ആർക്കിയോളജി ഡയറക്ടറെ ചുമതലപ്പെടുത്തി. മേല്പറഞ്ഞ പട്ടിക തയ്യാറാക്കുന്നത് ചീഫ് ടൗൺ പ്ലാനറോടും ഇൻടാക്കിനോടും സഹകരിച്ച് കൊണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

13. ചീഫ് ടൗൺ പ്ലാനർ തയ്യാറാക്കിയ 7 ഹെറിറ്റേജ് സോണകളുടെയും പ്രാഥമിക പഠനം ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ അംഗീകരിച്ചു. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡി.ടി.പി. സ്കീം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരണം വിജ്ഞാപനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

14. ഫോർട്ട് കൊച്ചി മട്ടാഞ്ചേരി ഏരിയക്ക് വേണ്ടി ഇൻടാക് തയ്യാറാക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടുവേണം ഫോർട്ട് കൊച്ചി ഏരിയയ്ക്കു വേണ്ടി ഡി.റ്റി.പി. സ്കീം തയ്യാറാക്കേണ്ടത് എന്ന് ചീഫ് ടൗൺ പ്ലാനറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

15. സംരക്ഷണത്തിനുള്ള താല്കാലിക നടപടികൾ.

കമ്മീഷന്റെ മൂന്നു അംഗങ്ങൾ ഇൻഫറ്റ് ജീസസ് ചർച്ച് തങ്കശ്ശേരി കൊല്ലം സന്ദർശിച്ചു. പള്ളിയുടെ വാസ്തുശില്പ ഭംഗിയെപ്പറ്റി പഠിക്കുകയും ചെയ്തു. എന്നാൽ പള്ളി പൊളിച്ചു കളഞ്ഞ വിവരം കമ്മീഷനെ അറിയിക്കുകയും തുടർ നടപടി വേണ്ടായെന്നു തീരുമാനിക്കുകയും ചെയ്തു.

16. ആഴവഞ്ചേരി മന തിരൂർ.

കമ്മീഷൻ രൂപീകരിച്ചു വിദഗ്ദ്ധ സമിതി മലപ്പുറം ടൗൺ പ്ലാനർ മനയുടെ കൂടുതൽ ഭാഗവും പൊളിച്ചു കളഞ്ഞതായി റിപ്പോർട്ട് ചെയ്തതിനാൽ തുടർ നടപടി വേണ്ടായെന്നു തീരുമാനിച്ചു.

17. പഴയ കോടതി കെട്ടിടം മട്ടാഞ്ചേരി.

മട്ടാഞ്ചേരിയിലെ പഴയക്കോടതി കെട്ടിടം സംരക്ഷിക്കുവാനും ഉപയോഗിക്കുവാനുമുള്ള നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറേയും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയെയും കമ്മീഷന്റെ അഭിപ്രായ മനുസരിച്ച് വിവരം അറിയിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. പി. വി. ഹരി, ചീഫ് ആർക്കിടെക്ട് പി.ഡബ്ല്യു.ഡി. കെട്ടിടം പുതുക്കി പണിയണമെന്നു അഭിപ്രായപ്പെട്ടിരുന്നു. ഐ.ഐ.റ്റി. മദ്രാസിലെ എഞ്ചിനീയറെക്കൊണ്ട് കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി പരിശോധിക്കണമെന്നും ആർക്കിയോളജി ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചിരുന്നു.

18. കമ്മീഷന്റെ ചെലവുകൾ.

കമ്മീഷന്റെ ചെലവുകൾക്കായുള്ള ഗ്രാന്റ്-ഇൻ-എയിഡ് റൂൾസ് ചർച്ച ചെയ്യുകയും സർക്കാരിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. കമ്മീഷന്റെ അനുമതിക്കായി വന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കുകയും യുക്ത മായ തീരുമാനമെടുക്കുകയും ചെയ്തു.

19. ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് കിഴക്കേകോട്ട തിരുവനന്തപുരം.

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് കോർപ്പറേഷൻ മേയർ അയച്ച കത്തിനെ കുറിച്ച് ചർച്ച ചെയ്യുകയും ചീഫ് ടൗൺ പ്ലാനർ തയ്യാറാക്കിയ ഡിസൈനെകുറിച്ച് ഉള്ള അഭിപ്രായം അഡീഷണൽ ചീഫ് സെക്രട്ടറിയെ അറിയിക്കുന്നതിന് തീരുമാനിച്ചു.

20. തീരാപഥം നഗര വികസന പദ്ധതി.

4-7-2000-ൽ നഗര വികസന സെക്രട്ടറി വിളിച്ചു കൂട്ടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ആർക്കിയോളജി ഡയറക്ടറും കമ്മീഷനിലെ അംഗങ്ങളും തീരപഥം പദ്ധതി പ്രദേശത്തുള്ള പുരാതന കെട്ടിടങ്ങളെ കുറിച്ചു പഠനം നടത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും തീരുമാനിച്ചു. ആർക്കിയോളജി ഡയറക്ടറെ തീരപഥം പദ്ധതി പ്രദേശത്തുള്ള കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

21. അമ്മ വീട് വലിയശാല.

തിരുവനന്തപുരം കോർപ്പറേഷൻ അമ്മ വീട് പൊളിക്കുന്നതു തടയണമെന്നും ആർക്കിയോളജി ഡയറക്ടർ പഴയ കെട്ടിടങ്ങളെ കുറിച്ച് വിജ്ഞാപനം നടത്തണമെന്നും തീരുമാനിച്ചു.

22. ആറ്റിങ്ങൽ കൊട്ടാരം.

ആറ്റിങ്ങൽ കൊട്ടാരത്തിന്റെ ചരിത്രപരമായ പ്രാധാന്യം കണക്കിലെടുത്തു ആർക്കിയോളജി ഡയറക്ടറോട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകി.

23. ഭഗത്തുനിംഗ് പാർക്ക് തിരുവനന്തപുരം.

പൂജപ്പുര മണ്ഡപത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആർക്കിയോളജി ഡയറക്ടറോട് വിജ്ഞാപനം പുറപ്പെടുവിക്കണമെന്നു നിർദ്ദേശം നൽകി.

24. അഞ്ചാറകണ്ടി ബംഗ്ലാവും തലശ്ശേരി.

അഞ്ചാറകണ്ടി ബംഗ്ലാവിന്റെ പ്രാധാന്യം കണക്കിലെടുത്ത് ജില്ലാ ടൗൺ പ്ലാനറും ആർക്കിയോളജി ഡയറക്ടറുടെ പ്രതിനിധിയും സംയുക്തമായി പരിശോധന നടത്തി കമ്മീഷന് റിപ്പോർട്ട് നൽകണമെന്നു തീരുമാനിച്ചു.

25. ഇട്ടി അച്ചന്റെ ജന്മസ്ഥലം സംരക്ഷണം.

സംസ്കാരിക വകുപ്പു 'ഹോർട്ടസ് ഇൻഡൂസ് മലബാറിക്ക' എന്ന പുസ്തകം പുനഃപ്രസിദ്ധീകരിക്കണമെന്ന് തീരുമാനിച്ചു.

26. സംരക്ഷണ ധനസഹായം ഫോർട്ട് ഏരിയ.

11-ാം ധനകാര്യകമ്മീഷന്റെ ധനസഹായത്തിനുവേണ്ടി 2 കോടി രൂപയുടെ ഫോർട്ട് ഏരിയ വികസന പദ്ധതി കേന്ദ്ര സർക്കാരിനയച്ചത് അംഗീകരിച്ചു. താഴത്തങ്ങാടി ഏരിയ കോട്ടയത്തിന് വേണ്ടി തയ്യാറാക്കി അയച്ച പദ്ധതിയും അംഗീകരിച്ചു.

27. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ 154 ഭേദഗതി വരുത്തി ചീഫ് ആർക്കിടെക്ടിനെ അംഗമാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കണമെന്നു തീരുമാനിച്ചു.

28. സ്ഥിരം ക്ഷണിതാക്കളായി താഴെപറയുന്ന ഉദ്യോഗസ്ഥരെ കൂടി ഇനിയുള്ള മീറ്റിംഗിൽ ക്ഷണിക്കണമെന്നു തീരുമാനിച്ചു.

അഡീഷണൽ സെക്രട്ടറി നഗരവികസനം കമ്മീഷണർ തിരുവിതാംകൂർ ദേവസ്വംബോർഡ്.

LIBRARY ARCHIVES Kerala Legislative Assembly